# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ-ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ ചേംബറിൽ ബഹു.മന്ത്രി ശ്രീ. കെ.സി. ജോസഫ് അവർകളുടെ അദ്ധ്യക്ഷതയിൽ 14.12.2011 – ന് രാവിലെ 9.00 മണിക്ക് കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:-**

**1. പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ**

**1.1 പൊൻമള ഗ്രാമപഞ്ചായത്ത് (തീയതി.14.12.2011)**

വികലാംഗ ക്ഷേമം മുൻ നിർത്തി 30 വികലാംഗർക്ക് തയ്യൽ മെഷീൻ നൽകുന്നതിന് തയ്യാറാക്കിയ 1,16,000 രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.2 മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

ടോൾ – ചെമ്മനാക്കരി റോഡ് പൊതു മാരാമത്തു വകുപ്പിന് കൈമാറുന്നതിന് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.3 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (തീയതി 14.12.2011)**

വൈസ് പ്രസിഡന്റിന്റെ ആവശ്യം പ്രായോഗിക ബുദ്ധിമുട്ട് ഉള്ള സാഹചര്യത്തിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.4 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (തീയതി.14.12.2011)**

ഒരു ലാന്റ് ഫോൺ കൂടി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.5 നെടുമ്പന, കുന്നന്താനം, കലഞ്ഞൂർ, ആനാട് ഗ്രാമപഞ്ചായത്തുകൾ (തീയതി 14.12.2011)**

**I** <u>നെടുമ്പന ഗ്രാമപഞ്ചായത്ത്</u>

1) പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും ട്യൂബ് സെറ്റ് സ്ഥാപിക്കലും എന്ന പദ്ധതി നടപ്പാക്കിയതിൽ 3,780/- രൂപ അധികമായി ചെലവ് ചെയ്തത് അംഗീകരിക്കുന്നു.

2) സമഗ്ര റൂറൽ ബിസിനസ് ഹബ് യൂണിറ്റിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നത് 3,80,000/- രൂപ കൂടി തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചത് അംഗീകരിക്കുന്നു.

3) എം.എ. ബ്രിക്സ് – താന്നിക്കാമുക്ക് റോഡ് പദ്ധതിക്കായി വികസനഫണ്ടിൽ 4,05,000/– രൂപയും Externally adided വിഹിതത്തിൽ 85,000 രൂപയും തനത്ഫണ്ടിൽ 73,500 രൂപയും 10.06.2011–ലെ തീരുമാനം 1 (4) പ്രകാരം ഉൾപ്പെടുത്തിയ ഭേദഗതി അംഗീകരിക്കുന്നു.

**II <u>കുന്നന്താനം ഗ്രാമപഞ്ചായത്ത്</u>**

പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 527 രൂപ അധികമായി ചെലവ് ചെയ്ത് അടങ്കൽ തുക 4,10,527/– ആയി വർദ്ധിപ്പിച്ചത് അംഗീകരിക്കുന്നു.

**III <u>ആനാട് ഗ്രാമപഞ്ചായത്ത്</u>**

ആയുർവേദ ആശുപത്രി മെയിന്റനൻസിനായി 1,50,000/–രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവ് ചെയ്തത് അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.6 നാലാം ധനകാര്യ കമ്മീഷൻ ശുപാർശ (തീയതി 14.12.2011)**

ഉത്തരവ്, സർക്കുലർ (കരട്) എന്നിവയുടെ പകർപ്പ് അംഗങ്ങൾക്ക് നൽകിയശേഷം അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.7 വയനാട് ജില്ലാ പഞ്ചായത്ത് (തീയതി 14.12.2011)**

കാലാകാലങ്ങളായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് പരിപാലിച്ചു വരുന്ന റോഡുകളുടെ അറ്റകുറ്റപണിക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണെന്ന 20.07.2010–ലെ 42721/എഫ്.എം.1/10 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്കു വിധേയമായി പണി നടത്തുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.8 പാലക്കാട് ജില്ലാ പഞ്ചായത്ത് (തീയതി 14.12.2011)**

20.07.2010–ലെ 42721/എഫ്.എം.1/10 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി പണി നടത്താൻ അനുമതി നൽകുന്നു.

ഗ്രാമപഞ്ചായത്തുകൾ തീരുമാനം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് റോഡ് ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്താവുന്നതാണ്. ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിൽ രണ്ട് പഞ്ചായത്തുകളും ഇതു സംബന്ധിച്ച വിവരം രേഖപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.9 **ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വാങ്ങൽ (തീയതി14.12.2011)**

ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഐ.കെ.എം.ന്റെ സാങ്കേതിക സഹായത്തോടെ അപ്ഗ്രേഡ് ചെയ്യാവുന്നവയും എക്സ്ചേഞ്ച് ചെയ്യാവുന്നവയും തിട്ടപ്പെടുത്തുന്നതിന് ഒരു ക്ലിനിക്ക് നടത്തുന്നതിന് അനുമതി നൽകുന്നു.

ഐ.കെ.എം. നിശ്ചയിച്ചു നൽകുന്ന സ്പെസിഫിക്കേഷനും, എണ്ണവും, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വ്യവസ്ഥകളും അനുസരിച്ച് കമ്പ്യൂട്ടർ ടെണ്ടറിലൂടെ വാങ്ങുന്നതിന് അതാതു ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.10 **നരിക്കുനി ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

തനത് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവഴിച്ച് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.11 **ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു പകരം ഒരു പ്രൊഡ്യൂസർ കമ്പനി രജിസ്റ്റർ ചെയ്ത് പദ്ധതി നടത്താൻ അനുവദിക്കുന്നു. പ്രൊഡ്യൂസർ കമ്പനിയിൽ ചേർക്കാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഷെയർ എടുക്കാനായി ആവശ്യപ്പെട്ടിട്ടുള്ള ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.12 **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (തീയതി 14.12.2011)**

ട്രൈ സൈക്കിളിനു പകരം ട്രൈ സ്ക്കൂട്ടർ നനൽകുന്ന എസ്.സി.പി. – 17.55 ലക്ഷം രൂപ, വനിത – 10.4 ലക്ഷം രൂപ, ജനറൽ – 27.3 ലക്ഷം രൂപ വീതമുള്ള പദ്ധതികൾ അംഗീകരിക്കുന്നു. ചട്ടങ്ങൾ പാലിച്ചായിരിക്കണം പർച്ചേസ് നടത്തേണ്ടത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.13 **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (തീയതി.14.12.2011)**

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പാരമ്പര്യ ചികിത്സ നൽകുന്നതിന് 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

1.14 **പരപ്പ ബ്ലോക്ക് പഞ്ചായത്ത് (തീയതി 14.12.2011)**

മലവേട്ടുവ സമുദായ കോളനിയിലെ റോഡുകൾ എസ്.സി.പി. ഫണ്ട് നിലവിലുള്ള വ്യവസ്ഥകൾക്കനുസൃതമായി അറ്റകുറ്റപ്പണി നടത്തുന്നതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.15 ബുധനൂർ ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

10 വർഷത്തേയ്ക്ക് വീടും സ്ഥലവും അന്യാധീനപ്പെടുത്തുകയില്ലെന്ന് കരാർ പത്രം റദ്ദുചെയ്ത്, വീട് നിർമ്മിക്കുന്നതിനായി വാങ്ങിയ 52,000/- രൂപ പലിശ സഹിതം തിരിച്ചടയ്ക്കാമെന്ന ഗുണഭോക്താവിന്റെ അപേക്ഷ സ്വീകരിച്ച് തുക തിരികെ സ്വീകരിക്കുന്നതിനും കരാർ പത്രം റദ്ദുചെയ്ത് നൽകുന്നതിനും അനുമതി നൽകുന്നു. ഇത്തരം കേസുകളിൽ ഭാവിയിൽ വകുപ്പിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.16 പോത്തുകല്ല് ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

കാട്വെട്ട് യന്ത്രം കൂടി മറ്റ് കാർഷിക ഉപകരണങ്ങൾ എന്ന ഇനത്തിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡം അംഗീകരിച്ച് സബ്സിഡി നൽകാവുന്നതാണെന്ന് നിശ്ചയിച്ചു. പോത്തുകല്ല് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നു. നിലവിലുള്ള സബ്സിഡി മാനദണ്ഡം പാലിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.17 മാളഗ്രാമപഞ്ചായത്ത് (തിയതി 14.12.2011)**

താത്ക്കാലിക ബണ്ട് നിർമ്മാണം പദ്ധതിക്ക് 19,476/-രൂപ വികസനഫണ്ടിനു പകരം തനത് ഫണ്ട് ഉപയോഗിച്ചത് അംഗീകരിക്കുന്നു.

ഖരമാലിന്യ പരിപാലന പദ്ധതിക്കായി 34,260/- രൂപ അധികമായി ചെലവു ചെയ്ത നടപടി സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.18 ശാന്തൻപാറ ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

കമ്പിളി, സ്വെറ്റർ, എന്നിവ വിതരണം ചെയ്യുന്ന പദ്ധതി സംബന്ധിച്ച് കൂടുതൽ വിശദീകരണം ലഭ്യമാക്കുന്നതിന് നിശ്ചയിച്ചു. ഗുണഭോക്താക്കൾ എസ്റ്റേറ്റ് ജീവനക്കാരാണോ എന്നും പ്രത്യേകം അറിയിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.19 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (തീയതി.14.12.2011)**

എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നടത്തി വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകുന്നു. നടപ്പു സാമ്പത്തിക വർഷത്തിലെ ബാക്കിയുള്ള സമയമനുസരിച്ച് പദ്ധതി പുനഃക്രമീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.20 ഏറാമല ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

ഭൂരഹിത – ഭവന രഹിതർക്കായി സ്ഥലം വാങ്ങുന്നതിന് തയ്യാറാക്കിയ പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.21 വടകര നഗരസഭ (തീയതി 14.12.2011)**

പ്രോജക്ട് സംബന്ധമായ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.22 ഒറ്റപ്പാലം നഗരസഭ (തീയതി 14.12.2011)**

മുല്ലപ്പള്ളിക്കുളം, താമരക്കുളം എന്നിവ നെല്ലിന്റെയും കാർഷിക വിഭവങ്ങളുടെയും ഉത്പാദനത്തിനായി ജലസേചനത്തിന് ഉപയോഗിക്കുന്ന കുളങ്ങളാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇവയുടെ നവീകരണ പദ്ധതി നടപ്പാക്കാനുള്ള പ്രോജക്ടുകൾ ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തുന്നതിന് അനുവദിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.23 തൃശൂർ നഗരസഭ (തീയതി 14.12.2011)**

'സേവാ സദനം' അനാഥ മന്ദിരത്തിന്റെ വാട്ടർ ചാർജ്ജ് കുടിശ്ശിക 1,21,895/- രൂപ നഗരസഭയുടെ 28.06.2011-ലെ 61-ാം നമ്പർ തീരുമാന പ്രകാരം എഴുതി തള്ളുന്നതിനുള്ള തീരുമാനത്തിന് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.24 മാടായി ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി എന്നിവ 2012 മാർച്ച് 31 വരെ തുടരുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.25 അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് (തീയതി 14.12.2011)**

ടാറിംഗ് ഒഴിവാക്കി മെറ്റലിംഗ് നടത്തിയ ഭാഗം ഉൾപ്പെടുന്ന മുഴുവൻ പണിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിക്കായി ഡി.പി.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.26 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് (തീയതി.14.12.2011)**

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പുനരുദ്ധാരണ പ്രവർത്തികളിൽ അവശ്യഘട്ടങ്ങളിൽ മാത്രം സോളിംഗ് എന്ന ഇനം കൂടി ഉൾപ്പെടുത്താവുന്നതാണെന്നും എന്നാൽ ഇത് ആവശ്യമായ ഭാഗങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയം ബന്ധപ്പെട്ട എഞ്ചിനീയർ രേഖപ്പെടുത്തി സർട്ടിഫൈ ചെയ്തിരിക്കേണ്ടതാണെന്നും തീരുമാനിച്ചു. പഴയ റോഡുകളിൽ റോഡ് നശിച്ച് സോളിംഗ് ആവശ്യമായി വരുന്ന ഭാഗത്തു മാത്രം ഇപ്രകാരം സോളിംഗ് അനുവദിക്കാവുന്നതാണ്

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.27 വയനാട് ജില്ലാ പഞ്ചായത്ത് (തീയതി 14.12.20011)**

തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് നടത്തുന്ന എൻട്രൻസ് പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം ഏതെങ്കിലും അംഗീകൃത/പ്രശസ്തമായ സ്ഥപനം മുഖേന നടത്തുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.28 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (തീയതി 14.12.2011)**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്/നഗരസഭ/ മുനിസിപ്പാലിറ്റി എന്നിവയ്ക്ക് സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്ക്കുളുകൾക്ക് തനത് ഫണ്ടിൽ നിന്നും കോൺട്രിബ്യൂഷൻ നൽകുന്നതിന് ഒരു വർഷം ആകെ 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാത്ത തുക ചെലവാക്കുന്നതിന് യഥേഷ്ഠാനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.30 ചാലക്കുടി നഗരസഭ – ഔദ്യോഗിക വാഹനം (തീയതി.14.12.2011)**

ഔദ്യോഗിക വാഹനം വാങ്ങുന്നതിന് ഗവൺമെന്റ് അനുവദിച്ച 10 ലക്ഷം രൂപയിൽ കൂടുതൽ ചെലവു ചെയ്തതിന് സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെടുക.

അതിനുശേഷം ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

നിലവിൽ ഔദ്യോഗിക വാഹനം ഇല്ലാത്ത നഗരസഭാ ചെയർപേഴ്സൺമാർക്ക് വാഹനം വാങ്ങുന്നതിന് 8 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടയ്ക്കു പുറമേ</u>**

**1.31 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വാഹനം (തീയതി.14.12.2011)**

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗികാവശ്യങ്ങൾക്കായി 8 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക ചെലവു ചെയ്ത് ഒരു വാഹനം വാങ്ങുന്നതിന് യഥേഷ്ഠാനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.31 അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് (തീയതി.14.12.2011)**

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി ഉപകരണങ്ങൾ വിദ്യാർത്ഥികളുടെ ഉപയോഗിത്തിനു മാത്രമുള്ളതായിരിക്കണം എന്ന ഉപാധിയോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 11.00 മണിക്ക് അവസാനിച്ചു)

********